Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1562 (1) തീയതി :27.02.2018

## സർക്കുലർ

**വിഷയം:-** **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിൽ അംഗത്വത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അഭിരുചി പരീക്ഷ നടത്തുന്നതു സംബന്ധിച്ചുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:- 1. സ.ഉ.(സാധാ) നം.361/2018/പൊ.വി.വ. തീയതി 20.01.2018.
2. ഈ ഓഫീസിലെ 13.02.2018 ലെ KITE/2018/1515-1 (5) നമ്പർ സർക്കുലർ

സൂചന 2 പ്രകാരം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച സ്കൂളുകളിൽ, അംഗത്വത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്കായി അഭിരുചി പരീക്ഷ നടത്തി, അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2018-19 അക്കാദമിക വർഷം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂളുകളും അഭിരുചി പരീക്ഷയുടെ സെന്ററായിരിക്കും. യൂണിറ്റുകൾ അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് **http://kite.kerala.gov.in/littlekites** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

2. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്തല ചുമതലയുള്ള അധ്യാപകരാണ് ഓരോ സ്കൂളിലും അഭിരുചി പരീക്ഷ നടത്തേണ്ടത്. ഇതിനുള്ള സൗകര്യം പ്രഥമാധ്യാപകർ ഒരുക്കേണ്ടതാണ്.

3. സ്കൂളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർഥികളെയും അതാത് യൂണിറ്റിൽ നടത്തുന്ന അഭിരുചി പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടതാണ്.

4. 2018 മാർച്ച് 3 ന് രാവിലെ 10 നും 12 നും ഇടയിലാണ് പരീക്ഷ നടത്തേണ്ടത്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ പരീക്ഷ നടത്താൻ കഴിയാത്ത സ്കൂളുകൾ വിവരം കൈറ്റിനെ അറിയിക്കേണ്ടതും പരീക്ഷ മാർച്ച് 4 ന് ക്രമീകരിക്കേണ്ടതുമാണ്. ഇതിനാവശ്യമായ മറ്റൊരു സെറ്റ് ചോദ്യം കൈറ്റ് ലഭ്യമാക്കുന്നതാണ്.

5. പരീക്ഷയുടെ സമയവും സ്ഥലവും വിദ്യാർഥികളെ മുൻകൂട്ടി അറിയിക്കേണ്ടതും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർഥികൾക്കും പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള അവസരം യൂണിറ്റിന്റെ ചുമതലയുള്ള അധ്യാപകർ ഒരുക്കേണ്ടതുമാണ്.

6. കൈറ്റ് ലഭ്യമാക്കുന്ന ചോദ്യങ്ങളുപയോഗിച്ച് ക്വിസ് മാതൃകയിലാണ് അഭിരുചി പരീക്ഷ നടത്തേണ്ടത്.

7. ചോദ്യങ്ങളുടെ സോഫ്റ്റ്കോപ്പി പാസ്‌വേഡ് ഉപയോഗിച്ച് സംരക്ഷിച്ചത് 02/03/2018-ന് സ്കൂളുകൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതാണ്. സ്കൂളുകൾ ഇത് ഡൗൺലോഡ് ചെയ്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

8. ചോദ്യങ്ങളുടെ പാസ്‌വേഡ്, പരീക്ഷ ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് കൈറ്റ് ലഭ്യമാക്കുന്നതാണ്.

9. അഭിരുചി പരീക്ഷയിൽ ചുരുങ്ങിയത് 25% സ്കോർ നേടിയവരെ ലിറ്റിൽ കൈറ്റ്സ് അംഗത്വത്തിന് തിരഞ്ഞെടുക്കേണ്ടതാണ്.

10. അഭിരുചി പരീക്ഷയിൽ ഓരോ വിദ്യാർഥിക്കും ലഭിച്ച സ്കോർ, മാതൃക പ്രകാരം (*അനുബന്ധം കാണുക*) തയ്യാറാക്കി സ്കൂളിൽ സൂക്ഷിക്കേണ്ടതും ഇതിന്റെ കോപ്പി ചുമതലയുള്ള മാസ്റ്റർ ട്രെയിനർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

11. അഭിരുചി പരീക്ഷയിലൂടെ തിരഞ്ഞെടുത്ത വിദ്യാർഥികളുടെ പേരുകൾ പരീക്ഷ നടത്തിയ അന്ന് തന്നെ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ തിരഞ്ഞെടുത്ത വിദ്യാർഥികളുടെ വിശദാംശങ്ങൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ പോർട്ടലിൽ 2018 മാർച്ച് 7 നുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

12. ഏതെങ്കിലും കാരണവശാൽ ക്വിസ് മാതൃകയിൽ പരീക്ഷ നടത്തുവാൻ കഴിയാത്ത സാഹചര്യം വരുകയാണെങ്കിൽ എഴുത്തു പരീക്ഷയായും അഭിരുചി പരീക്ഷ നടത്താവുന്നതാണ്. ഇതിനുള്ള ചോദ്യങ്ങളും ഉത്തരസൂചകങ്ങളും കൈറ്റ് പ്രത്യേകം ലഭ്യമാക്കുന്നതാണ്.

13. അഭിരുചി പരീക്ഷ യഥാസമയം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് എല്ലാ പ്രഥമാധ്യാപകരും ചുമതലയിലുള്ളവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

14. യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂളിലും സമയബന്ധിതമായി പരീക്ഷ നടത്തിയാണ് വിദ്യാർഥികളെ തിരഞ്ഞെടുത്തതെന്ന് ചുമതലയുള്ള മാസ്റ്റർ ട്രെയ്നർമാരും ജില്ലാ കോർഡിനേറ്റർമാരും ഉറപ്പാക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ പ്രഥമാധ്യാപകർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

അനുബന്ധം

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള അഭിരുചി പരീക്ഷ - 2018

### സ്കോർ ഷീറ്റ്

സ്കൂൾ കോഡ് : ................................ യൂണിറ്റിന്റെ പേര് :.....................................................

തീയതി : ................................ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം : ........................

| ക്ര. നം. | അഡ്മിഷൻ നമ്പർ | പേര് | സ്കോർ (Max. 100 ) | അംഗത്വം (Y/N) |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| 6. | | | | |
| 7. | | | | |
| 8. | | | | |
| 9. | | | | |
| 10. | | | | |
| 11. | | | | |
| 12. | | | | |
| 13. | | | | |
| 14. | | | | |
| 15. | | | | |
| 16. | | | | |
| 17. | | | | |
| 18. | | | | |
| 19. | | | | |
| 20. | | | | |

| ക്രം. നം. | അഡ്മിഷൻ നമ്പർ | പേര് | സ്കോർ (Max. 100 ) | അംഗത്വം (Y/N) |
|---|---|---|---|---|
| 21. | | | | |
| 22. | | | | |
| 23. | | | | |
| 24. | | | | |
| 25. | | | | |
| 26. | | | | |
| 27. | | | | |
| 28. | | | | |
| 29. | | | | |
| 30. | | | | |
| 31. | | | | |
| 32. | | | | |
| 33. | | | | |
| 34. | | | | |
| 35. | | | | |
| 36. | | | | |
| 37. | | | | |
| 38. | | | | |
| 39. | | | | |
| 40. | | | | |

കൈറ്റ് മാസ്റ്റർ /മിസ്ട്രസിന്റെ പേരും ഒപ്പും

1 .

പ്രഥമാധ്യാപകന്റെ ഒപ്പ്

2.